# പാകിസ്താന്റെ ദുര്യോഗം

**കുറച്ചുനാളായി** അയൽരാജ്യമായ പാകിസ്താനിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത് സംഭ്രമജനകമായ വാർത്തകളാണ്. പള്ളികളിലും പള്ളിക്കൂടങ്ങളിലും പട്ടാളകേന്ദ്രങ്ങളിലും ഹോട്ടലുകളിലും കളിക്കളങ്ങളിലുമെല്ലാം ഭീകര സ്ഫോടനങ്ങൾ. രാജ്യത്തെ സൈന്യം സ്വന്തം ജനതയുമായി പൊരിഞ്ഞ പോരാട്ടത്തിൽ. ആയിരക്കണക്കിനാളുകൾ മരിച്ചുകഴിഞ്ഞു. പത്തു ലക്ഷത്തോളം ആളുകൾ നാടും വീടും വെടിഞ്ഞ് എങ്ങോട്ടെന്നില്ലാതെ പലായനം ചെയ്യുന്നു. താലിബാൻ എന്ന ഭീകര പ്രസ്ഥാനത്തിന്റെ സാന്നിധ്യം പാകിസ്താനെ അവർണനീയമായ ആപത്സന്ധിയിൽ കൊണ്ടെത്തിച്ചിരിക്കുന്നുവെന്നാണ് വിദേശകാര്യ നിരീക്ഷകനായ പ്രതാപ് മേത്ത ഈയിടെ *ഇന്ത്യൻ എക്സ്പ്രസിൽ* എഴുതിയത്. പാക് ജനസംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗവും രാഷ്ട്രീയമോ മതപരമോ ഗോത്രപരമോ ആയ തീവ്രവാദ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവന്നും ഈ അവസ്ഥ പാക് ഗവൺമെന്റിനു മാത്രമല്ല പാകിസ്താൻ എന്ന രാജ്യത്തിന്റെ നിലനിൽപിനു തന്നെ കടുത്ത ഭീഷണി ഉയർത്തിയിരിക്കുന്നുവെന്നും *ബി.ബി.സി*യുടെ ഉർദു സർവീസ് പ്രതിനിധി വുസ്അതുല്ലാ ഖാൻ പറയുന്നു. പാകിസ്താൻ എന്ന രാജ്യം ആറു മാസത്തിനകം ഇല്ലാതാകുമെന്ന് അമേരിക്കയിലെ ഭീകരതാനിവാരണ വിദഗ്ധനും പ്രസിഡന്റിന്റെ ഉപദേഷ്ടാവുമായ ഡേവിഡ് കിൽകുലിൻ പ്രവചിച്ചത് കഴിഞ്ഞ മാസമാണ്.

പാകിസ്താന്റെ ദുരവസ്ഥയിൽ സാധാരണ ഇന്ത്യക്കാരൻ സന്തോഷിക്കുന്നതിൽ അത്ഭുതമില്ല. സ്വാതന്ത്ര്യം തൊട്ട് ഇന്നോളം പാകിസ്താനെ നാം ശത്രുവായിട്ടേ കണ്ടിട്ടുള്ളൂ. ശത്രുനാശം ആശ്വാസകരമാണല്ലോ. പാർലമെന്റ് ആക്രമണവും മുംബൈ ആക്രമണവും സംഘടിപ്പിച്ച പാകിസ്താൻ നല്ലവണ്ണം അനുഭവിക്കട്ടെ എന്ന വികാരവും നമുക്കുണ്ട്. അതുകൊണ്ട് പാകിസ്താന്റെ നാശപ്രവചനം അത്യാവേശത്തോടെയാണ് നമ്മിൽ പലരും സ്വീകരിച്ചത്. സർക്കാർ വൃത്തങ്ങളിലും ഈ സന്തോഷം പ്രകടമായിരുന്നു. ഇന്നത്തെ സാഹചര്യത്തിൽ പാകിസ്താനുമായി ഒരു സംഭാഷണവും സാധ്യമല്ല എന്ന നിലപാടിലാണ് ഗവൺമെന്റ്. അതിനിടയിൽ ഇന്ത്യയല്ല പാകിസ്താന്റെ ശത്രുവെന്നും താലിബാനാണ് യഥാർഥ ശത്രുവെന്നും പാക് പ്രസിഡന്റും മന്ത്രിമാരും പ്രസ്താവിച്ചത് വേണ്ടത്ര ശ്രദ്ധിക്കപ്പെടുകയുണ്ടായില്ല. സൗഹൃദം വേണമെങ്കിൽ പാകിസ്താൻ മുംബൈ ആക്രമണകാരികളെ പിടിച്ചു ശിക്ഷിക്കട്ടെ എന്ന വാശിയിലാണ് നാം. പാകിസ്താന്റെ ചരമമാഘോഷിക്കാൻ ഒരുക്കം തുടങ്ങിയിരിക്കുകയാണ് മാധ്യമലോകം. പാശ്ചാത്യലോകത്തിന് പാകിസ്താൻ 'ഇസ്‌ലാമിക ഭീകരത'യുടെ ഇരയാണെങ്കിൽ ഇന്ത്യക്ക് പാകിസ്താൻ ഒരു ഭീകര രാഷ്ട്രമാണ്. ഒരു ത്രികോണത്തിന്റെ മൂന്നു ഭുജങ്ങളാണ് പാകിസ്താനും താലിബാനും ഭീകരതയും.

പാകിസ്താൻ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത് സ്വയംകൃതാനർഥമാണെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാവില്ല. പാക് പ്രസിഡന്റ് ആസിഫലി സർദാരി തന്നെ ഈയിടെ അമേരിക്കയിൽ വെച്ച് അക്കാര്യം തുറന്നു സമ്മതിക്കുകയുണ്ടായി. അമേരിക്കയുടെ സി.ഐ.എയും പാകിസ്താന്റെ ഐ.എസ്.ഐയും ചേർന്ന് അഫ്ഗാനിലേക്കും കശ്മീരിലേക്കും തൊടുത്തുവിട്ട ഭീകരാസ്ത്രങ്ങൾ അവയുടെ ഉത്ഭവ കേന്ദ്രങ്ങളിലേക്ക് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഇന്നിപ്പോൾ പാകിസ്താന്റെ ദുർഗതിയിൽ അമേരിക്കക്ക് വലുതായ ഉത്കണ്ഠയുണ്ടത്രെ. ആ രാജ്യത്തെ രക്ഷിക്കാൻ പാക്-അഫ്ഗാൻ അതിർത്തിയിൽ അമേരിക്കൻ പട സജ്ജമായിരിക്കുന്നു. ആധുനിക ലോകത്തിനാകമാനം മാരക ഭീഷണിയുയർത്തുന്ന ഭീകരശത്രുവായി താലിബാൻ പ്രതിഷ്ഠിക്കപ്പെട്ടു കഴിഞ്ഞു. മറ്റു പാശ്ചാത്യൻ ശക്തികളുടെ അകമഴിഞ്ഞ പിന്തുണയും അവർക്കുണ്ട്. ഇനി ഇറാഖിനെയും അഫ്ഗാനിസ്താനെയും 'രക്ഷിച്ച'തുപോലെ പാകിസ്താനെയും അമേരിക്ക 'രക്ഷിച്ചു' തുടങ്ങും. പാകിസ്താനെ ഇന്നത്തെ അവസ്ഥയിലെത്തിച്ചത് സി.ഐ.എ-ഐ.എസ്.ഐ കൂട്ടുകെട്ടാണ്. ഇന്ന് സി.ഐ.എയെ വെല്ലുന്ന മറ്റൊരു ആസുരശക്തികൂടി രംഗത്തുവന്നിട്ടുണ്ട്- മൊസാദ്. നമ്മുടെ ഗവൺമെന്റ് ഈ രണ്ട് ഏജൻസികളുമായും സഹകരിക്കാൻ തയാറായിരിക്കുകയാണ്. ഈ വസ്തുത പരിഗണിക്കുമ്പോൾ പാകിസ്താന്റെ നാശം നമുക്കൊരു സുവിശേഷമല്ല; ഗുരുതരമായ താക്കീതാണ്- അതുൾക്കൊള്ളാൻ നാം തയാറാകുമെങ്കിൽ.

ഈ വശം അവഗണിച്ചാലും പാകിസ്താന്റെ നാശം ഇന്ത്യക്ക് നേട്ടമാകുമോ? പലവട്ടം യുദ്ധം ചെയ്യേണ്ടിവന്നിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായി ഇന്ത്യയും പാകിസ്താനും സഹോദര രാജ്യങ്ങളാണ്. ഇരു രാജ്യത്തെയും പൗരന്മാർ അംഗങ്ങളായ നിരവധി കുടുംബങ്ങൾ ഇന്ത്യയിലും പാകിസ്താനിലുമുണ്ട്. അവരുടെയൊക്കെ ദുരിതങ്ങൾ പരോക്ഷമായി നമ്മുടെയും ദുരിതങ്ങളാകും. അയൽപക്കത്തെ ആഭ്യന്തര കലാപവും രക്തച്ചൊരിച്ചിലും നമുക്കിടയിലും അസ്വസ്ഥതകളുണ്ടാക്കുമെന്നും ആശങ്കിക്കേണ്ടതുണ്ട്.

പാകിസ്താൻ എന്ന രാജ്യം ഇന്നോ നാളെയോ അസ്തമിക്കാൻ പോകുന്നു എന്ന ധാരണയും അതിശയോക്തിപരമാണ്. അങ്ങനെ പ്രചരിപ്പിക്കുന്നവർക്ക് അവരുടേതായ ലക്ഷ്യങ്ങളുണ്ട്. പക്ഷേ പതിനേഴ് കോടി ജനങ്ങളുള്ള രാജ്യമാണ് പാകിസ്താൻ. ഏഴു ലക്ഷത്തോളം വരുന്ന സൈന്യവും ആണവായുധമുൾപ്പെടെയുള്ള സജ്ജീകരണങ്ങളും അവർക്കുണ്ട്. ജനസംഖ്യയിൽ 85 ശതമാനവും പഞ്ചാബികളും സിന്ധികളും ഇന്ത്യയിൽനിന്ന് കുടിയേറിയവരുമുൾപ്പെട്ടവരാണ്. 15 ശതമാനം മാത്രമാണ് ഗോത്രവർഗങ്ങൾ. അവരിലാണ് താലിബാന്റെ സ്വാധീനം. താലിബാൻകാരുടെ കൈവശമുള്ളത് പരമ്പരാഗത ആയുധങ്ങൾ മാത്രമാണ്. അവർ പാകിസ്താനെ പൂർണമായി കീഴടക്കുകയോ തകർത്തുകളയുകയോ ചെയ്യാനുള്ള സാധ്യത ഏറെ വിദൂരമാണ്.

പാക് സംഭവത്തിൽ നമുക്ക് സന്തോഷിക്കാൻ വല്ലതുമുണ്ടെങ്കിൽ അത്, ഇന്ത്യയല്ല തങ്ങളുടെ ശത്രു എന്ന ആ രാജ്യത്തിന്റെ തുറന്ന പ്രഖ്യാപനമാണ്. പുതിയൊരു ഉഭയകക്ഷിബന്ധത്തിന്റെ തുടക്കത്തിനുള്ള സന്നദ്ധതയായി അതിനെ സ്വാഗതം ചെയ്യാൻ നമുക്ക് കഴിയണം. പഴയ കണക്കുകളൊക്കെ തീർത്തിട്ടുമതി പുതിയ ഇടപാട് എന്ന ശാഠ്യം അന്യായമല്ലായിരിക്കാം. പക്ഷേ സമാധാനത്തിലേക്കുള്ള മാർഗം അതല്ല. പ്രതികാരങ്ങളെല്ലാം തീർന്നിട്ട് ആർക്കും ആരുമായും സൗഹാർദം സ്ഥാപിക്കാനാവുകയില്ല. പ്രതികാര സാഹചര്യങ്ങൾ ഒന്നിനു പിറകെ മറ്റൊന്നായി തുടർന്നുകൊണ്ടേയിരിക്കും. ഇടക്കു കടന്നുവരുന്ന സൗഹാർദാന്തരീക്ഷത്തിനു മാത്രമേ ആ പരമ്പരക്ക് അറുതിവരുത്താൻ കഴിയൂ. ■